# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2871** — 18-08-2017 -ൽ മറുപടിക്ക്

## ദുരന്തനിവാരണ രൂപരേഖകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.വി.അബ്ദുൾ ഖാദർ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് 2005-ൽ നിലവിൽ വന്ന ദുരന്തനിവാരണ ആക്റ്റ് (DM-Act)-ന്റെ അടിസ്ഥാനത്തിലുള്ള ദുരന്തനിവാരണ രൂപരേഖകൾ സംസ്ഥാനതലത്തിലും തദ്ദേശ തലത്തിലും തയ്യാറാക്കാത്തത് സംബന്ധിച്ച് 2016-ലെ സി. ആന്റ് എ.ജി. റിപ്പോർട്ടിലെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാന-ജില്ലാ ദുരന്ത ലഘൂകരണ പദ്ധതികൾ തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. കൂടാതെ, വില്ലേജ്തല പദ്ധതികളും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സഹായത്തോടെ വിവിധ ജില്ലകളിൽ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ സാമൂഹികാധിഷ്ഠിത ദുരന്ത നിവാരണ പദ്ധതി പ്രകാരം 14 ജില്ലകളിലായി ഏറ്റവും ദുരന്ത സാധ്യതയുള്ള 197 വില്ലേജുകളിൽ ദുരന്ത ലഘൂകരണ പദ്ധതി തയാറാക്കിയിട്ടുണ്ട്. ഇത് കൂടാതെ മൺറോ തുരുത്ത് (കൊല്ലം ജില്ല), പെരിങ്ങര (പത്തനംതിട്ട ജില്ല) എന്നിവിടങ്ങളിൽ പ്രത്യേകം ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. UNDP യുടെ നഗര കേന്ദ്രീകൃത ദുരന്ത നിവാരണ പദ്ധതി പ്രകാരം തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ദുരന്ത സാധ്യതയുടെ അടിസ്ഥാനത്തിൽ തീവ്ര ദുരന്ത സാധ്യതാ വാർഡുകളിൽ ദുരന്ത ലഘൂകരണ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഇന്ത്യയിൽ തന്നെ അപൂർവ്വം നഗരങ്ങളിൽ മാത്രം തയ്യാറാക്കിയിട്ടുള്ള, നഗര ദുരന്ത ലഘൂകരണ പദ്ധതി തിരുവനന്തപുരം നഗരത്തിന് വേണ്ടി 2015 ൽ തയ്യാറാക്കുകയും, ജില്ല അതോറിറ്റി അംഗീകരിക്കുകയും ചെയ്തു. ആരോഗ്യ വകുപ്പ്, വാട്ടർ അതോറിറ്റി, ഹോമിയോപതി, അഗ്നിശമന സേന എന്നിവർ വകുപ്പുതല പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.<br>കേന്ദ്ര ദുരന്ത നിവാരണ നിയമം 2005 പ്രകാരം വകുപ്പുതല പ്ലാൻ തയ്യാറാക്കേണ്ടത് അതാത് വകുപ്പുകളുടെയും, ജില്ലാ പ്ലാൻ |

| | | | |
|---|---|---|---|
| | | | തയ്യാറാക്കേണ്ടത് അതാത് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെയും, തദ്ദേശ പ്ലാൻ തയ്യാറാക്കേണ്ടത് അതാത് തദ്ദേശ സർക്കാരുകളുടെയും, സംസ്ഥാന പ്ലാൻ തയ്യാറാക്കേണ്ടത് സംസ്ഥാന അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും കർത്തവ്യമാണ്. സർക്കാർ വകുപ്പുതല പ്ലാൻ തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദേശം നൽകിയിട്ടുണ്ട്. |
| (ബി) | ദുരന്തനിവാരണ രൂപരേഖകൾ തയ്യാറാക്കുന്നതിനും അവസരോചിതമായി അവ നടപ്പാക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ബി) | 2017-18 സാമ്പത്തികവർഷം എല്ലാ നഗരസഭകളിലും അവരവരുടേതായ ദുരന്ത ലഘൂകരണ പദ്ധതികൾ ഉണ്ടാക്കുകയും, തനത് ഫണ്ടിൽ ദുരന്ത ലഘൂകരണത്തിനായി പണം വകയിരുത്തണം എന്നും ഉദ്ദേശിച്ച് നഗര സഭകൾക്ക് മാത്രമായി ₹57,99,000/- രൂപ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് അനുവദിക്കുകയും, ആവശ്യമായ സാങ്കേതിക വൈദഗ്ധ്യം ഉള്ള NGO കളുടെ ലിസ്റ്റ് നൽകുകയും ചെയ്തിട്ടുണ്ട്. ഇത് കൂടാതെ, ജില്ലാ അതോറിറ്റികൾവഴി, ജില്ല പഞ്ചായത്തുകൾക്ക്, ഗ്രാമ പഞ്ചായത്ത് തലത്തിൽ ദുരന്ത ലഘൂകരണ പദ്ധതികൾ തയ്യാറാക്കുന്നതിന് ആവശ്യമായ ആലോചനാ യോഗങ്ങൾക്കും, പഞ്ചായത്ത്തല Disaster Management Committee-കൾ രൂപീകരിക്കുന്നതിനും ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. ദുരന്ത ലഘൂകരണ പദ്ധതികളും അവയുടെ ഏഷ്യൻ മേഖലയിലെ നിലവിലെ സ്ഥിതിയും സംസ്ഥാനത്തെ വിവിധ നഗര സഭകൾക്കും, ജില്ലാ പഞ്ചായത്തുകൾക്കും ബോധ്യപ്പെടുത്തുവാൻ വേണ്ടി നഗരസഭാ അധ്യക്ഷൻമാരെയും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാരെയും ഡൽഹിയിൽ 2016-ൽ നടന്ന ഏഷ്യൻ മന്ത്രിതല ദുരന്ത ലഘൂകരണ കോൺഫറൻസിൽ പങ്കെടുപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | സംസ്ഥാനതലം മുതൽ പഞ്ചായത്തു തലം വരെ ദുരന്തനിവാരണ ശൃംഖല രൂപപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളുമോ? | (സി) | നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സംസ്ഥാന-ജില്ലാതല ദുരന്ത പ്രതികരണ-പ്രതിരോധ ശൃംഖല സുശക്തമായി പ്രവർത്തിക്കുന്നു. സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണമാണ് ദുരന്ത പ്രതികരണത്തിൽ ഊന്നിയുള്ള പ്രവർത്തനത്തെക്കാൾ ഈ കാലഘട്ടത്തിന്റെ ആവശ്യം എന്നതിനാൽ ഇന്ത്യ ഉൾപ്പെടെ ലോക |

| | | | |
|---|---|---|---|
| | | | രാജ്യങ്ങൾ ജപ്പാനിലെ സെൻഡായി എന്ന നഗരത്തിൽ 2015-2030 കാലഘട്ടത്തിലേക്കായി അംഗീകരിച്ച രൂപരേഖയിൽ നിന്നും പാഠം ഉൾക്കൊണ്ട് സംസ്ഥാന സാമൂഹികാധിഷ്ഠിത ദുരന്തലഘൂകരണ കേന്ദ്രം തൃശ്ശൂരിൽ പ്രവർത്തന ക്ഷമമാക്കുവാനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാൻ അഗ്നിശമന സേനയോട് നിർദ്ദേശിച്ചിട്ടുണ്ട്. കേന്ദ്ര സഹായത്തോടെ 'അപ്ദാ മിത്ര' എന്ന പ്രോജക്ട് കേരള സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഈ പ്രോജക്ട് ഉപയോഗിച്ച് കോട്ടയം ജില്ലയിൽ ഒരു സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണസേന രൂപീകരിക്കുവാനായി ₹22 ലക്ഷം രൂപ അനുവദിച്ചു. സംസ്ഥാന-ജില്ലാ ദുരന്ത ലഘൂകരണ പദ്ധതികൾ കൂടാതെ, വില്ലേജ്തല പദ്ധതികളും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സഹായത്തോടെ വിവിധ ജില്ലകളിൽ രൂപീകരിച്ചിട്ടുണ്ട്. നഗര കേന്ദ്രീകൃത ദുരന്ത പ്രതികരണ ശേഷി വർദ്ധിപ്പിക്കുവാൻ, നഗരസഭകളുടെ ശാക്തീകരണത്തിനായി ₹57,99,000/- രൂപ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് ധന സഹായം അനുവദിച്ചു. 2011-17 കാലഘട്ടത്തിൽ ഏകദേശം ₹7.05 കോടി രൂപ ദുരന്ത തയ്യാറെടുപ്പ് പ്രവർത്തികൾക്കായി മാത്രം സംസ്ഥാന അതോറിറ്റി, ജില്ല അതോറിറ്റികൾക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ